പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2483 09/07/2015 ൽ മറുപടിക്ക്

എൽ.പി. സ്കൂളുകളുടെ നിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.: മോൻസ് ജോസഫ്: | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം പുതിയ പ്രീപ്രൈമറി സ്കൂളുകൾ അനുവദിക്കുന്നുണ്ടോ; നിലവിലുള്ള സർക്കാർ എൽ.പി. സ്കൂളുകളോടൊപ്പം പ്രീപ്രൈമറിയും അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | പുതിയ പ്രീപ്രൈമറി സ്കൂളുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | നിലവിലുള്ള സർക്കാർ എൽ.പി. സ്കൂളുകളോട് ചേർന്ന് അംഗനവാടി കെട്ടിടം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | നിലവിൽ പ്രീപ്രൈമറി പ്രവർത്തിക്കാത്ത സർക്കാർ സ്കൂളുകളിൽ സ്ഥലം ലഭ്യമാണെങ്കിൽ അംഗനവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം ലഭ്യമല്ലായെങ്കിൽ ക്ലാസ് മുറി ഒഴിവുള്ള പക്ഷം ആയതും നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്. |
| (സി) | സർക്കാർ എൽ.പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ കൂടുതലായി അനുവദിച്ച് എൽ.പി. സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല |

Sheela H

സെക്ഷൻ ഓഫീസർ